# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 17-01-2026**

### പ്രധാനവാർത്തകൾ

1. ഇന്ത്യൻ റെയിൽവേ ആധുനികവും ആത്മനിർഭരവുമാകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യു.
2. പിഎം വികസിത് ഭാരത് റോസ്ഗാർ യോജന രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാൻ ഉതകുന്നതെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.
3. എല്ലാവർക്കും ഭക്ഷ്യധാന്യം ഉറപ്പാക്കുക എന്ന സർക്കാർ നയമാണ് വിശപ്പ് രഹിത കേരളം യാഥാർഥ്യമാക്കിയതെന്ന് മന്ത്രി ജി ആർ അനിൽ.
4. കുടുംബശ്രീയുടെ "കെ-ഇനം' മൂല്യവർധിത ഉൽപന്നങ്ങൾ ആഗോള വിപണിയിൽ കോർപ്പറേറ്റ് ഉൽപന്നങ്ങൾക്ക് ബദലാകുമെന്ന് മന്ത്രി എം.ബി രാജേഷ്.
5. 64-ാ മത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ആധിപത്യം തുടർന്ന് കണ്ണൂർ ജില്ല. കോഴിക്കോട് രണ്ടാം സ്ഥാനത്ത്.
6. അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ ബംഗ്ലാദേശിന് 239 റൺസ് വിജയ ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$

PNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ)

ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മാൾഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തു. ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിലാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവ്വീസ് നടത്തുന്നത്. 16 ആധുനിക കോച്ചുകൾ ഉൾപ്പെടുന്ന സ്ലീപ്പർ ട്രെയിനിൽ 823 യാത്രക്കാരെ ഉൾക്കൊള്ളാൻ സാധിക്കും. മാൽഡയിൽ നിരവധി റോഡ്, റെയിൽ പദ്ധതികളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിച്ചു. ആധുനികമാകുന്നതിനൊപ്പം ഇന്ത്യൻ റെയിൽവേ ആത്മനിർഭരമാകുന്നതായും ശ്രീ മോദി പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

മാൽഡയിൽ പൊതു സമ്മേളനത്തേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

$$$$$$$$$$$$$$$$$$$$$$

## പ്രധാനമന്ത്രി അസം

അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുകയാണ്. നാളെ 6,950 കോടി രൂപയിലധികം ചെലവ് വരുന്ന കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് അദ്ദേഹം തറക്കല്ലിടും. തുടർന്ന് വിവിധ ട്രെയിനുകളുടെ ഫ്ലാഗ് ഓഫും ശ്രീ മോദി നിർവഹിക്കും.

$$$$$$$$$$$$$$$$$$$$$$

## ജോർജ് കുര്യൻ

തൊഴിൽ ബന്ധിത പ്രോത്സാഹന പദ്ധതിയായ പിഎം വികസിത് ഭാരത് റോസ്ഗാർ യോജന രാജ്യത്തെ പുരോഗതിയിലേക്കും യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഉതകുന്നതാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ചില കേന്ദ്ര പദ്ധതികളിൽ മാറ്റം വരുത്തിയത് കൂടുതൽ

RNU TVPM

ജനവിഭാഗങ്ങളിലേക്ക് അതിന്റെ ഗുണഫലം എത്തിക്കുന്നതിന് വേണ്ടി മാത്രമാണെന്നും അദ്ദേഹം കോട്ടയത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## ജി ആർ അനിൽ റേഷൻ കാർഡ്

ഉദാരമായ നടപടികളിലൂടെ എല്ലാവർക്കും ഭക്ഷ്യധാന്യം ഉറപ്പാക്കുക എന്ന സർക്കാർ നയമാണ് വിശപ്പ് രഹിത കേരളം യാഥാർഥ്യമാക്കിയത് എന്ന് മന്ത്രി ജി ആർ അനിൽ. തിരുവനന്തപുരത്ത് പുതിയ 39,000 മുൻഗണന റേഷൻ കാർഡുകളുടെ സംസ്ഥാനതല വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ സർക്കാരിൻറെ കാലത്തു 11 ലക്ഷം മുൻഗണന കാർഡുകൾ വിതരണം ചെയ്യാൻ സാധിച്ചു . അനർഹരെ ഒഴിവാക്കിയതിലൂടെ പിഴ ഇനത്തിൽ 17 കോടി രൂപ സർക്കാരിന് ലഭിച്ചതായും മന്ത്രി പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$

## മന്ത്രി പി രാജീവ്

കളമശ്ശേരി എച്ച് എം ടി - എൻ എ ഡി സീ പോർട്ട് എയർപോർട്ട് റോഡ് നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭിച്ചതായി മന്ത്രി പി രാജീവ്. തിങ്കളാഴ്ച ടെൻഡർ നടപടികൾ ആരംഭിക്കുമെന്നും മന്ത്രി എറണാകുളത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഒപ്പം ക്യാമ്പയിൻറെ അഞ്ചാമത് എഡിഷന് ഈ മാസം 25 ന് തുടക്കമാകുമെന്നും മന്ത്രി അറിയിച്ചു. രാവിലെ 8 മണി മുതൽ കളമശ്ശേരി സമ്ര കൺവെൻഷൻ സെൻററിൽ പ്രാഥമിക പരിശോധനകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

## മന്ത്രി വീണാ ജോർജ്

കേരളത്തിൻറെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ചരിത്ര നേട്ടം കൈവരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പത്തനംതിട്ട കോന്നി മെഡിക്കൽ കോളജിൽ 50 കോടി രൂപയിൽ നിർമാണം പൂർത്തിയായ വിവിധ

RNU TVPM

പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. അർഹരായ എല്ലാവർക്കും മെറിറ്റിൽ ഏറ്റവും സൗകര്യത്തോടെ മെഡിക്കൽ പഠനം സാധ്യമാക്കുകയാണ് സർക്കാരിന്റെ നയമെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

## കുടുംബശ്രീ -കെ-ഇനം

കുടുംബശ്രീയുടെ "കെ-ഇനം' മൂല്യവർധിത ഉൽപന്നങ്ങൾ ആഗോള വിപണിയിൽ കോർപ്പറേറ്റ് ഉൽപന്നങ്ങൾക്ക് ബദലാകുമെന്ന് മന്ത്രി എം.ബി രാജേഷ്. നെടുമ്പാശ്ശേരി ഫ്ലോറ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ "കെ-ഇനം' ബ്രാൻഡിൽ തയ്യാറാക്കിയ 30 കാർഷിക മൂല്യവർധിത ഭക്ഷ്യവിഭവങ്ങളുടെ ലോഞ്ചിങ്ങ് മന്ത്രി നിർവഹിച്ചു.

പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

## കലോത്സവം (ഇൻട്രോ)

തൃശൂർ തേക്കിൻകാട് മൈതാനത്ത് നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 887 പോയിൻറുകളുമായി കണ്ണൂർ ജില്ല മുന്നേറ്റം തുടരുന്നു. 879 പോയിൻറുമായി കോഴിക്കോട് തൊട്ടു പിന്നിലുണ്ട്. 877 പോയിൻറുകളുമായി പാലക്കാടും തൃശൂരും മൂന്നാംസ്ഥാനത്തുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.**

**(ഹോൾഡ് വോയ്സ്..........)**

$$$$$$$$$$$$$$$$$$$$$

## കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ഷെഖാവത്ത്

തപസ്യ കലാസാഹിത്യവേദിയുടെ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായി പാലക്കാട് സംഘടിപ്പിക്കുന്ന

PNU TVPM

രാജ്യാന്തര സംഗീതേ◌ാത്സവം കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ഷെഖാവത്ത് ഉദ്ഘാടനം ചെയ്യു. ചൊവ്വാഴ്ച വരെയാണ് സംഗീതോത്സവം.

$$$$$$$$$$$$$$$$$$$$$$$

<u>നല്ല വാർത്ത</u>

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

$$$$$$$$$$$$$$$$$$$$$$$

<u>മൻ കി ബാത്</u>

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130 -◌ാ◌ം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

PIU TVPM

$$$$$$$$$$$$$$$$$$$$$$$

<u>എസ്ഐആർ</u>

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ന്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

$$$$$$$$$$$$$$$$$$$$$$$

<u>മകരവിളക്ക് തീർഥാടനത്തിൻ്റെ സമാപനം (ഇൻട്രോ)</u>

ശബരിമല മകരവിളക്ക് തീർഥാടനത്തിൻ്റെ സമാപന ചടങ്ങുകൾക്ക് ഇന്നു തുടക്കമാകും. തിരുവാഭരണ വിഭൂഷിതനായ ഭഗവാൻ്റെ ദർശനം ഇന്നു രാത്രി അത്താഴ പൂജയോടെ അവസാനിക്കും. മണിമണ്ഡപത്തിൽ മകരസംക്രമ ദിനം മുതൽ

അഞ്ച് ദിവസത്തേയ്ക്ക് നടക്കുന്ന കളമെഴുത്തിനും നാളെ സമാപനമാകും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**
**(വോയിസ്)**

$$$$$$$$$$$$$$$$$$$$$$

<u>അണ്ടർ 19 ലോകകപ്പ്</u>

അണ്ടർ -19 പുരുഷ ഏകദിന ക്രിക്കറ്റ് ലോകകകപ്പിൽ ഇന്ത്യക്കെതിരെ ബംഗ്ലാദേശിന് 239 റൺസ് വിജയലക്ഷ്യം . മഴ മൂലം 49 ഓവറായി ചുരുക്കിയ മത്സരത്തിൽ ആദ്യം ബാറ്റ് ഇന്ത്യ 48.4 ഓവറിൽ 238 റൺസിന് എല്ലാവരും പുറത്താവുകയായിരിന്നു.

$$$$$$$$$$$$$$$$$$$$$$

<u>ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്</u>

RNU TVPM

മലപ്പുറം ജില്ലയിലെ അഞ്ച് കെഎസ്ഇബി സെക്ഷൻ ഓഫീസുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത 34 ആയിരത്തി 90 രൂപ കണ്ടെത്തി. 'ഓപ്പറേഷൻ ഷോർട്ട് സർക്യൂട്ട്' എന്ന പേരിൽ കൊണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, വണ്ടൂർ, മഞ്ചേരി സെക്ഷൻ ഓഫീസുകളിൽ നടത്തിയ പരിശോധനയിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്. സംസ്ഥാന വ്യാപകമായുള്ള പരിശോധനയുടെ ഭാഗമായാണ് നടപടി. പെരിന്തൽമണ്ണയിൽ നിന്ന് 12 ആയിരത്തി 970 രൂപ, മഞ്ചേരിയിൽ നിന്ന് 6,550 രൂപ, നിലമ്പൂരിൽ നിന്ന് 6,400 രൂപ, കൊണ്ടോട്ടിയിൽ നിന്ന് 6,350 രൂപ, വണ്ടൂരിൽ നിന്ന് 1,820 രൂപ എന്നിങ്ങനെയാണ് പിടിച്ചെടുത്തത്.

$$$$$$$$$$$$$$$$$$$$$$

<u>മനുഷ്യാവകാശ കമ്മീഷൻ</u>

എസ്.എ.റ്റി. ആശുപത്രിയിലെ പ്രവർത്തനക്ഷമമല്ലാത്ത 8 വെൻറിലേറ്ററുകളുടെ തകരാറുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുക്കണമെന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് മനുഷ്യാവകാശ കമ്മീഷൻറെ നിർദ്ദേശം. എസ്.എ.റ്റി. ആശുപത്രിയിലെ വെൻറിലേറ്ററുകൾ

പ്രവർത്തനക്ഷമമല്ലെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. 65 വെൻറിലേറ്ററുകളിൽ 8 എണ്ണം പ്രവർത്തനരഹിതമാണെന്നും അവയുടെ തകരാറുകൾ പരിഹരിക്കാൻ കഴിയുന്നതാണെന്നും എസ്.എ.റ്റി. ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$

$$$$$

RNU TVPM